DESPATCHED
On 23-06-20
5|3|20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1211*(7)/2013*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **8047**/*എസ്.ഐ.സി-ജി 6/13*)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മണിയൻ കെ.,
വടക്കേക്കുഴിവിള പുതുവൽ പുത്തൻ വീട്,
കൊച്ചോട്ടുകോണം, മര്യാപുരം പി.ഒ.,
തിരുവനന്തപുരം – 695122.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.04.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.05.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.05.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 09.06.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.06.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മണിയൻ കെ., 09.06.2013ന്

സമർപ്പിച്ച അപ്പീൽ ഹർജി 12.06.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1211(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്കായി ഫീസൊടുക്കി ചെലാൻ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്ന പ്രകാരം ഹാജരാക്കിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 02.04.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കണ്ണൂർ ജില്ലയിൽ 2013ലെ എൽ.ഡി./യു.ഡി. ക്ലാർക്കുമാരുടെ ജനറൽ ട്രാൻസ്ഫറിന് എത്ര അപേക്ഷ ടി ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും ടി വകുപ്പിൽ 2013ലെ എൽ.ഡി./യു.ഡി. ക്ലാർക്കുമാരുടെ ജനറൽ ട്രാൻസ്ഫറിന് അപേക്ഷ നൽകിയ ഓരോരുത്തരുടെയും പേരും ഇവർ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസിന്റെ പേരും മേൽ വിലാസവും നൽകണമെന്നു തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 06.05.2013ന് മറുപടി നൽകുകയും ടി മറുപടിയിൽ തൃപ്തനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 12.08.2013ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 02.03.2013ന് സമർപ്പിച്ച അപേക്ഷയിൽ പേജൊന്നിന് 2/- രൂപാ ക്രമത്തിൽ 70 പേജിന് 140/- രൂപ രൂപ ഒടുക്കി ചെലാൻ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നതുപ്രകാരം 08.05.2013ന് ചെലാൻ ഒടുക്കി അപ്പീൽ അധികാരി മുമ്പാകെ ഹാജരാക്കുകയും അതനുസരിച്ച് ടിയാൻ ആവശ്യപ്പെട്ട രേഖകൾ 23.07.2013ന് ടിയാന് അയച്ചുകൊടുത്തുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ക്ളറിക്കൽ പോസ്റ്റിൽ ജനറൽ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ 70 പേജുകൾ ഉണ്ടായിരുന്നതിനാൽ 140/- രൂപ ഒടുക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും ഫീസ് ഒടുക്കി ചെല്ലാൻ ഹാജരാക്കിയതനുസരിച്ച് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ഒന്നാം എതിർകക്ഷി

ഫീസൊടുക്കാൻ ആവശ്യപ്പെട്ട് കത്തു നൽകിയതിന് ചെല്ലാൻ രസീത് അപ്പീൽ അധികാരി മുമ്പാകെയാണ് ടിയാൻ ഹാജരാക്കിയതെന്നും ആയതിനാലാണ് കാലതാമസം ഉണ്ടായതെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 05-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM